ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.12.2024**

## പ്രധാനവാർത്തകൾ

1. **രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങൾ ഉറപ്പാക്കാൻ മനുഷ്യാവകാശ കമ്മീഷനുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.**

2. **പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.**

3. **കോവിഡ് വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ വളർച്ചയുടെ പാതയിലെത്തിക്കാൻ കഴിഞ്ഞതായി റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്.**

4. **എല്ലാ മേഖലകളിലും വൈദഗ്ദ്ധ്യം നേടിയ ലോകത്തിലെ തന്നെ ഏറ്റവും മികച്ച പോലീസ് സേനകളിലൊന്നാണ് കേരള പോലീസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

5. **സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. വോട്ടെണ്ണൽ നാളെ.**

6. **കണ്ണൂർ ഏഴിമലയിൽ ഇന്ത്യൻ നാവിക അക്കാദമിയുടെ അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരത്തിന്റെ പതിമൂന്നാം പതിപ്പിന് തുടക്കമായി.**

**************************************

RNU TVPM

**അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം**

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. **"നമ്മുടെ അവകാശങ്ങൾ, നമ്മുടെ ഭാവി, ഇപ്പോൾ"** എന്നതാണ് ഈ വർഷത്തെ പ്രമേയം. മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ശാക്തീകരിക്കുന്നതിനുള്ള ഉപാധിയാണ് മനുഷ്യാവകാശം എന്നതാണ് ഈ പ്രമേയം അർത്ഥമാക്കുന്നത്.

**************************************

**അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം-രാഷ്ട്രപതി**

മനുഷ്യാവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുള്ള നിരന്തര ശ്രമങ്ങളാണ് ഇന്ത്യ നടത്തിവരുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തെ ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ ഉറപ്പുവരുത്താൻ ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും നടത്തിവരുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

**(ഹോൾഡ് വോയിസ്......)**

RNU TVPM

രാജ്യത്തെ വളർന്നുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ പോലുള്ള ആധുനിക വെല്ലുവിളികളെ നേരിടാനും അതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും കേന്ദ്ര സർക്കാർ  നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നും രാഷ്ട്രപതി  പറഞ്ഞു.

************************************

**ദേശീയ പഞ്ചായത്ത് അവാർഡുകൾ-രാഷ്ട്രപതി**

ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. അവാർഡ് നേടിയ പഞ്ചായത്തുകളിലെ മികച്ച പ്രകടനം വിശദീകരിക്കുന്ന ലഘുപുസ്തകം ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രകാശനം ചെയ്യും. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പഞ്ചായത്തും കിലയും പുരസ്കാരം ഏറ്റുവാങ്ങും.

************************************

**ഹാക്കത്തോൺ**

സ്മാർട്ട് ഇന്ത്യ ഹാക്കത്തൺ-2024 ന്റെ ഗ്രാൻഡ് ഫിനാലെ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അഭിസംബോധന ചെയ്യും. പരിപാടിയുടെ ഭാഗമായി നൂതനാശയങ്ങളുമായി മുന്നോട്ടുവന്ന യുവതലമുറയുമായി അദ്ദേഹം  വീഡിയോ കോൺഫറസിങ്ങിലൂടെ സംവദിക്കും. 1,300-ലധികം വിദ്യാർത്ഥി സംഘങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

************************************

**പാർലമെന്റ്**

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ന് സഭ സമ്മേളിച്ചതു മുതൽ വിവിധ വിഷയങ്ങളിൽ പ്രതിപക്ഷം ആരോപണങ്ങൾ ഉന്നയിച്ചതിനെ തുടർന്ന് ഇരുസഭകളും

RNU TVPM

പ്രക്ഷുബ്ധമാകുകയായിരുന്നു. 12 മണി വരെ നിർത്തിവച്ച സഭ വീണ്ടും പുനരാരംഭിച്ചെങ്കിലും ബഹളം ശക്തമായതോടെ ഇരുസഭകളും ഇന്നത്തേക്ക് പിരിയുകയായിരുന്നു. അതേസമയം, പാർലമെൻററ് നടപടികൾ സുഗമമായി നടക്കേണ്ടത് അത്യാവശ്യമാണെന്നും ചർച്ചകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും സഭാ അംഗങ്ങളോട് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി  കിരൺ റിജിജു അഭ്യർത്ഥിച്ചു.

**************************************

**ശക്തികാന്ത ദാസ്**

കോവിഡ് വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ വളർച്ചയുടെ പാതയിലെത്തിക്കാൻ കഴിഞ്ഞതായി റിസർവ്വ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ്. സാമ്പത്തിക രംഗത്ത് ഏറെ മുന്നേറാൻ സാധിച്ചെങ്കിലും ആധുനിക കാലഘട്ടത്തിലെ നിരവധി വെല്ലുവിളികൾ ആർ ബി ഐക്ക് മുന്നിലുണ്ടെന്നും അവ തരണം ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.  ആറ് വർഷങ്ങൾക്ക് ശേഷം ആർ ബി ഐ ഗവർണർ പദവി ഒഴിയുന്ന ഇന്ന് മുംബൈയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സൈബർ സുരക്ഷാ, ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്നിവയ്ക്കാണ് ഊന്നൽ നൽകേണ്ടതെന്നും ശ്രീ ശക്തികാന്ത ദാസ് പറഞ്ഞു. റിസർവ് ബാങ്കിന്റെ പുതിയ ഗവർണറായി റവന്യൂ സെക്രട്ടറി സഞ്ജയ് മൽഹോത്ര നാളെ ചുമതലയേൽക്കും. മൂന്ന് വർഷത്തേക്കാണ് നിയമനം.

**************************************

RNUTVPM

**എസ്.എം കൃഷ്ണ**

മുൻ കേന്ദ്ര വിദേശകാര്യ മന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയും ആയിരുന്ന എസ്.എം കൃഷ്ണയുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, കർണ്ണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി. വികസനത്തിന് പ്രധാന്യം നൽകിയ നേതാവായിരുന്നു എസ്.എം കൃഷ്ണയെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. ഇന്ന് പുലർച്ചെ ബംഗളുരുവിലെ വസതിയിലായിരുന്നു എസ്.എം കൃഷ്ണയുടെ അന്ത്യം. 2004 മുതൽ 2008 വരെ മഹാരാഷ്ട്ര ഗവർണറായിരുന്നു. 2023-ൽ പത്മ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

*************************************

**മുഖ്യമന്ത്രി – പാസിങ് ഔട്ട് പരേഡ്**

എല്ലാ മേഖലയിലും വൈദഗ്ദ്ധ്യം നേടിയ ലോകത്തിലെ തന്നെ ഏറ്റവും മികച്ച പോലീസ് സേനകളിലൊന്നാണ് കേരള പോലീസെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ പോലീസ് കോൺസ്റ്റബിൾമാരുടെ പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ആധുനിക കാലത്തിന്റെ പ്രത്യേകതയായ സൈബർ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ കണ്ടെത്താൻ സേനയ്ക്ക് സാധിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്......)**

RNUTVPM

************************************

**സുപ്രീംകോടതി - അദാലത്ത്**

ദേശീയ ലോക് അദാലത്തുകളിലൂടെ ഈ വർഷം **7 കോടി 70 ലക്ഷം** കേസുകൾ തീർപ്പാക്കിയതായി സുപ്രീകോടതി ജഡ്ജിയും ദേശീയ ലീഗൽ സർവ്വീസസ് അതോറിട്ടി എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് ബി ആർ ഗവായ് അറിയിച്ചു. കെട്ടികിടക്കുന്ന കേസുകളും നിയമ തർക്കങ്ങളുമാണ് കൂടുതലായി പരിഗണിച്ചത്.

പ്രതിവർഷം മൂന്ന് അദാലത്തുകളാണ് ഇത്തരത്തിൽ NALSA സംഘടിപ്പിക്കുന്നതെന്നും ജസ്റ്റിസ് ബി ആർ ഗവായ് അറിയിച്ചു.

************************************

**ദക്ഷിണാഫ്രിക്ക ജി-20**

ദക്ഷിണാഫ്രിക്കയുടെ ആതിഥേയത്വത്തിലുള്ള G-20 സമ്മേളനത്തിന്റെ ആദ്യ യോഗത്തിന് ഇന്ന് തുടക്കം.

ഈ മാസം ഒന്നിനാണ് ദക്ഷിണാഫ്രിക്ക ആതിഥേയത്വം ഏറ്റെടുത്തത്.

************************************

**ഉപതിരഞ്ഞെടുപ്പ്**

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് പുരോഗമിക്കുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തിലെ തൃക്കലങ്ങോട് വാർഡ് ഉൾപ്പെടെ പതിനൊന്ന് ജില്ലകളിലായി നാല് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 23 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. നാളെയാണ് വോട്ടെണ്ണൽ.

RNU TVPM

************************************

**ഗുരുവായൂർ ഏകാദശി –(ഇൻട്രോ)**

പ്രസിദ്ധമായ ഗുരുവായൂർ ഏകാദശി നാളെ.
ഏകാദശിയ്ക്കായുള്ള ഒരുക്കങ്ങൾ ക്ഷേത്രത്തിൽ പൂർത്തിയായി.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്.....**

**(വോയിസ്.....)**

************************************

**പാത്രിയർക്കീസ് ബാവ**

ക്രിസ്മസ് ആശംസകൾ നേർന്ന് പാത്രിയാർക്കീസ് ബാവ. കേരളത്തിലുള്ളവർ സിറിയക്കുവേണ്ടി പ്രാർഥിക്കണമെന്നും വലിയ പ്രതിസന്ധിയിലൂടെയാണ് സിറിയ കടന്നു പോകുന്നതെന്നും അദ്ദേഹം പറഞ്ഞു. കേരള സന്ദർശനം പൂർത്തിയാക്കി പാത്രിയർക്കീസ് ബാവ മടങ്ങി.

RNU TVPM

************************************

**ഏഷ്യ കപ്പ്**

ഏഷ്യാ കപ്പ് വനിതാ ജൂനിയർ ഹോക്കിയിൽ ഇന്ത്യ ഇന്ന് ചൈനയെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30-നാണ് മത്സരം.

************************************

**കണ്ണൂർ-ഏഴിമല**

കണ്ണൂർ-ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന അഡ്മിറൽ കപ്പ് പായ് വഞ്ചിയോട്ട മത്സരം പതിമൂന്നാം പതിപ്പിന് തുടക്കമായി.

ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഓസ്ട്രേലിയ, ബ്രിട്ടൺ തുടങ്ങി 25 വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ 28 ടീമുകളാണ് പായ് വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്നത്. അഡ്മിറൽ കപ്പിനും റണ്ണേഴ്സ് അപ്പ് കപ്പിനും പുറമെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന പുരുഷ - വനിത അംഗങ്ങൾക്ക് വ്യക്തിഗത മെഡലുകളും സമ്മാനിക്കും. റേഡിയൽ ലേസർ ബോട്ടാണ് മത്സരത്തിന് ഉപയോഗിക്കുന്നത്. മത്സരങ്ങൾ നിയന്ത്രിക്കുന്നതിനും വിധി നിർണ്ണയിക്കുന്നതിനും കടലിലും കരയിലും സുശക്തമായ സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. മത്സരം ശനിയാഴ്ച സമാപിക്കും.

***********************************

**കൊല്ലം – നാടിന് സമർപ്പിച്ചു**

അര നൂറ്റാണ്ട് മുൻപ് ഇന്ത്യ-പാക് യുദ്ധത്തിൽ വീരമൃത്യുവരിച്ച കരുനാഗപ്പള്ളി സ്വദേശി രാധാ മോഹൻ നരേഷിന്റെ സ്മൃതി കുടീരം നാടിന് സമർപ്പിച്ചു. കൊല്ലം ആശ്രാമം മൈതാനത്തിന് സമീപം റവന്യൂ ഭൂമിയിലാണ് ജാട്ട് റെജിമെന്റ് സെക്കൻഡ് ലഫ്റ്റനന്റ് കമാൻഡർ ആയിരുന്ന നരേഷിന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ച് സ്മൃതികുടീരം ഒരുക്കിയത്.

RNUTVPM

***********************************

**ചലച്ചിത്രമേള**

29-ാ മത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ ഡെലിഗേറ്റ് സെല്ലും, ഡെലിഗേറ്റ് പാസ്സ് വിതരണവും തിരുവനന്തപുരം ടാഗോർ ഹാളിൽ മന്ത്രി സജി ചെറിയാൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര താരങ്ങളായ മഹിമാനമ്പ്യാരും ഷറഫുദ്ദീനും ചേർന്ന് ആദ്യ പാസ്സ് ഏറ്റു വാങ്ങും.

***********************************
**വനിത - നിയമസഭ**
വനിതകൾ മാത്രം പങ്കെടുക്കുന്ന മാതൃകാ നിയമസഭ ഇന്ന് സെക്രട്ടേറിയേറ്റിലെ പഴയ നിയമസഭാ ഹാളിൽ മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. കേരള നിയമസഭ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പിനോടനുബന്ധി ച്ചാണ് മാതൃകാനിയമസഭ സംഘടിപ്പിക്കുന്നത്.
***********************************
**നടി ആക്രമണകേസ്**
കൊച്ചിയിൽ നടിയെ ആക്രമിച്ച കേസിൽ അന്തിമ വാദം നാളെ. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് വാദം കേൾക്കുന്നത്.
***********************************
**വാഹനം രജിസ്റ്റർ-ആലപ്പുഴ**
സംസ്ഥാനത്ത് എവിടെയും വാഹനം രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുമെന്ന് ഗതാഗത കമ്മീഷണർ സി എച്ച് നാഗരാജു ആലപ്പുഴയിൽ പറഞ്ഞു. ഇത് സംബന്ധിച്ച പഠനത്തിന് സമിതിയെ നിയോഗിച്ചിട്ടുണ്ട്. വാഹനം വാങ്ങുന്നവരുടെ വിവിധ ആവശ്യങ്ങൾ പരിഗണിച്ച് ട്രയൽ റൺ നടത്തിയ ശേഷമേ പരിഷ്കാരങ്ങൾ നടപ്പാക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

*****************************************

*****************************************

PNU TVPM